(എൽ) ഇല്ലെങ്കിൽ വൈദ്യ പരിശോധന നടത്താതെ ഇരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(എം) ഇത് സംബന്ധിച്ച പരാതിയെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ ;

(എൻ) എങ്കിൽ അന്വേഷണം നടത്തിയത് ആരെന്നും അതിന്റെ വിശദ വിവരങ്ങൾ എന്തെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഐ) കോട്ടയം ജില്ലാ സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ച് എ.എസ്.പി. (ട്രെയിനി) കോട്ടയം സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ 13-3-2000-ൽ മൊണാർക്ക് ബാറിൽ റെയിഡു നടത്തി. മൊണാർക്ക് ബാറിൽ ചട്ടങ്ങൾക്കു വിരുദ്ധമായി മദ്യവില്പന നടത്തുന്നതായി രഹസ്യ വിവരം കിട്ടിയതിന്റെ അടി സ്ഥാനത്തിലാണ് റെയിഡ് നടത്തിയത്. മണർകാട് പോലീസ് സ്റ്റേഷനിൽ ക്രൈം 79/2000 നമ്പറായി യു/എസ് 56 (ബി) ഓഫ് അബ്കാരി ആക്ട് ആർ/ഡബ്ല്യൂ സെക്ഷൻ 15 ഓഫ് അമൻഡ്മെന്റ് ആക്ട് ആന്റ് 15 (സി) ഓഫ് അബ്കാരി ആക്ട് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്.

(ജെ-എൽ) പ്രതികളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഇക്കാര്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(എം & എൻ) പരാതിയൊന്നും ലഭിച്ചിട്ടില്ല.

പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവങ്ങൾ

60 (66) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31-5-2000 വരെ അറസ്റ്റ് ചെയ്ത പ്രതികളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; എവിടെയെല്ലാം ;

(ബി) പോലീസ് കസ്റ്റഡിയിലായ സി.പി.ഐ.(എം)കാരെ വിട്ടു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ?

ഉത്തരം

(എ & ബി) ഒരു സംഭവം ; തിരുവനന്തപുരം (റൂറൽ) പോലീസ് ജില്ലയിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ

ദേശീയ പണിമുടക്ക് ദിവസം ജോലിക്ക് ഹാജരായവരെ മർദ്ദിച്ച സംഭവം

61 (68) ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly